REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 30-04-2026 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **സംസ്ഥാനത്ത് നിയമസഭാ തെരെഞ്ഞെടുപ്പ് വോട്ടെണ്ണലിന് ഒരുക്കങ്ങൾ അന്തിമ ഘട്ടത്തിൽ.**
- **ICSE പത്താം ക്ലാസ്, ISC പന്ത്രണ്ടാം ക്ലാസ് പരീക്ഷാഫലങ്ങൾ പ്രസിദ്ധീകരിച്ചു.**
- **സംസ്ഥാനത്ത് വരും ദിവസങ്ങളിൽ വേനൽ മഴ ശക്തിപ്പെടുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.**
- **സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആദ്യ ഹജ്ജ് വിമാനം നെടുമ്പാശ്ശേരിയിൽ നിന്ന് ഉച്ചക്ക് 2.10 ന് 430 തീർത്ഥാടകരുമായി ജിദ്ദയിലേക്ക് പുറപ്പെടും.**
- **IPL ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ്, റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ നേരിടും.**

## വാർത്തകൾ വിശദമായി

സംസ്ഥാനത്ത് നിയമസഭാ തെരെഞ്ഞെടുപ്പ് വോട്ടെണ്ണലിന് ഒരുക്കങ്ങൾ അന്തിമ ഘട്ടത്തിലേക്കു നീങ്ങുന്നു. വോട്ടെണ്ണൽ കേന്ദ്രങ്ങളിൽ എത്തുന്ന കൗണ്ടിങ് ഏജന്റുമാർ ഇതുമായി ബന്ധപ്പെട്ട നിബന്ധനകൾ കർശനമായി പാലിക്കണമെന്ന് തെരഞ്ഞെടുപ്പു കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

തിരുവനന്തപുരത്ത് നിന്ന് സ്മിതി എം പള്ളുരുത്തി...

..........വോയ്സ്......

സ്ഥാനാർത്ഥിയോ തെരഞ്ഞെടുപ്പ് ഏജന്റോ നൽകിയിട്ടുള്ള ഫോം 18-ന്റെ കോപ്പി, റിട്ടേണിങ് ഓഫിസർ നൽകിയ സീലും ഒപ്പുമുള്ള ഫോട്ടോ ഐഡന്റിറ്റി കാർഡ് എന്നിവയുമായി എത്തുന്ന കൗണ്ടിങ് ഏജന്റുമാർക്കു

മാത്രമായിരിക്കും വോട്ടെണ്ണൽ ഹാളിലേക്കു പ്രവേശനം അനുവദിക്കുക. വോട്ടെണ്ണൽ തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപെങ്കിലും കൗണ്ടിങ് ഏജന്റ് ഹാളിൽ എത്തിയിരിക്കണം എന്നും നിബന്ധനയുണ്ട്. വോട്ടെണ്ണൽ ഹാളിനകത്ത് കൗണ്ടിങ് ഏജന്റുമാർക്ക് അവരുടെ ഉപയോഗത്തിനായുള്ള പേന, പെൻസിൽ, പ്ലെയിൻ പേപ്പർ, നോട്ട് പാഡ് എന്നിവ കൈവശം വെക്കാൻ അനുവാദമുണ്ടാകും. മൊബൈൽ ഫോണോ മറ്റ് ഇലക്ട്രോണിക് റെക്കോർഡിങ് ഉപകരണങ്ങളോ അനുവദിക്കില്ല. വോട്ടെണ്ണലിനിടെ കൗണ്ടിങ് ഏജന്റുമാർക്ക് ഹാളിനു പുറത്തേക്കു പോകാൻ അനുവാദമുണ്ടാകില്ല.

✪✪✪

ജനവിധി കോൺഗ്രസ് മുന്നണിക്ക് അനുകൂലമാകുമെന്ന് പ്രതീക്ഷിക്കുന്നതായി KPCC പ്രസിഡന്റ് സണ്ണി ജോസഫും പറഞ്ഞു. എക്സിറ്റ്പോൾ ഫലങ്ങളും ഇതാണ് സൂചിപ്പിക്കുന്നത്. മുഖ്യമന്ത്രിയെ തെരഞ്ഞെടുക്കുന്നതിന് കോൺഗ്രസിൽ വ്യക്തമായ കീഴ്-വഴക്കങ്ങളും നടപടി ക്രമങ്ങളുമുണ്ടെന്നും സണ്ണി ജോസഫ് മാധ്യമങ്ങളോട് പറഞ്ഞു.

UDF അധികാരത്തിൽ വന്നാൽ മുഖ്യമന്ത്രി ആരാണെന്ന് ഹൈക്കമാൻഡ് തീരുമാനിക്കുമെന്ന് കൊടിക്കുന്നിൽ സുരേഷ് പറഞ്ഞു. ഇതിന്റെ ചുമതല ഹൈക്കമാൻഡിനാണെന്നും അദ്ദേഹം തിരുവനന്തപുരത്ത് മാധ്യമങ്ങളോട് പ്രതികരിച്ചു.

എക്സിറ്റ് പോളുകൾ ശരിയാണെന്നും പോളിൽ വിശ്വാസമുണ്ടെന്നും മുതിർന്ന കോൺഗ്രസ് നേതാവ് കെ മുരളീധരൻ വ്യക്തമാക്കി. പാർട്ടി കണക്കുകൾ പ്രകാരം 90 സീറ്റുകൾ വരെ കിട്ടുമെന്നും കെ മുരളീധരൻ മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

എക്സിറ്റ് പോൾ, കഴിഞ്ഞ തെരഞ്ഞെടുപ്പിലും ഉണ്ടായിരുന്നുവെന്നും അന്നത്തെ നിരീക്ഷണം പലതും തെറ്റായിരുന്നുവെന്നും LDF കൺവീനർ TP രാമകൃഷ്ണൻ കോഴിക്കോട്ട് മാധ്യമങ്ങളോട് പറഞ്ഞു. ഭരണ വിരുദ്ധ വികാരം മാധ്യമ സൃഷ്ട്ടിയാണെന്നും കേരളത്തിൽ ഭരണ തുടർച്ച ഉണ്ടാകുമെന്നും കൺവീനർ വ്യക്തമാക്കി.

✪✪✪

എക്സിറ്റ് പോൾ ഫലത്തിൽ പാർട്ടിക്കുള്ളിൽ ഉത്കണ്ഠയില്ലെന്ന് CPIM സംസ്ഥാന സെക്രട്ടറി MV ഗോവിന്ദൻ പറഞ്ഞു. സർവേയിൽ ഭരണ വിരുദ്ധ വികാരമില്ലെന്നും അദ്ദേഹം മാധ്യമങ്ങളോട് പറഞ്ഞു.

✪✪✪

രാജ്യം ഒരു സാഹചര്യത്തിലും ഒരു ഭീകര പ്രവർത്തനത്തെയും അനുവദിക്കില്ല എന്ന സന്ദേശമാണ് ഓപ്പറേഷൻ സിന്ദൂർ ലോകത്തിന് നൽകിയതെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു. ന്യൂഡൽഹിയിൽ ദേശീയ സുരക്ഷാ ഉച്ചകോടി 2.0 യിൽ സംസാരിക്കുകയായിരുന്നു രാജ്നാഥ് സിംഗ്.

✪✪✪

ജമ്മുതാവി വരെ നീട്ടുന്ന ശ്രീനഗർ - കത്ര വന്ദേഭാരത് എക്സ്പ്രസ് കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ് ഫ്ലാഗ് ഓഫ് ചെയ്തു. ഇപ്പോൾ ശ്രീനഗർ - മാതാ വൈഷ്ണോദേവി കത്ര വരെ ഓടുന്ന ട്രെയിനാണ് സർവീസ് നീട്ടുന്നത്. കേന്ദ്ര സഹമന്ത്രി ജിതേന്ദ്ര സിംഗ്, മുഖ്യമന്ത്രി ഒമർ അബ്ദുള്ള എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

✪✪✪

വിദേശകാര്യ മന്ത്രാലയം ന്യൂഡൽഹിയിൽ സംഘടിപ്പിച്ച മൂന്ന് ദിവസത്തെ ഹെഡ്സ് ഓഫ് മിഷൻ സമ്മേളനത്തിന്റെ സമാപന ദിവസമായ ഇന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ത്യൻ പ്രതിനിധികളെ അഭിസംബോധന ചെയ്യും. പശ്ചിമേഷ്യൻ സംഘർഷം, ഹോർമുസ് കടലിടുക്ക് ഉപരോധം, US-മായും ചൈനയുമായും മാറിക്കൊണ്ടിരിക്കുന്ന ഭൗമരാഷ്ട്രീയ ബന്ധങ്ങൾ എന്നീ കാര്യങ്ങൾ സമ്മേളനം ചർച്ച ചെയ്യും.

✪✪✪

ICSE പത്താം ക്ലാസ് പരീക്ഷാഫലവും, ISC പന്ത്രണ്ടാം ക്ലാസ് പരീക്ഷാഫലവും പ്രസിദ്ധീകരിച്ചു. ICSE പരീക്ഷയിൽ 99.18 ശതമാനവും, ISC പരീക്ഷയിൽ 99.13 ശതമാനവുമാണ് വിജയം.

✪✪✪

പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട പത്താമത് ദ്വിദിന ദേശീയ ഉച്ചകോടിക്ക് ഇന്ന് ചണ്ഡിഗഢിൽ തുടക്കമാകും. ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഉച്ചകോടി, കേന്ദ്ര മന്ത്രി ജെ.പി.നദ്ദ ഉദ്ഘാടനം ചെയ്യും. പൊതുജനാരോഗ്യ വെല്ലുവിളികളെ നേരിടുന്നതിനായി സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും സ്വീകരിച്ച ഫലപ്രദമായ രീതികൾ ചർച്ചചെയ്യുകയാണ് ഉച്ചകോടിയുടെ ലക്ഷ്യമെന്ന് മന്ത്രാലയം വ്യക്തമാക്കി.

✪✪✪

കഠിനാധ്വാനികളും ഊർജ്ജസ്വലരുമായ പൗരന്മാരാണ് രാജ്യത്തെ ഏറ്റവും വലിയ ശക്തിയെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി പറഞ്ഞു. 'സംസ്കൃത സുഭാഷിതം'സമൂഹ മാധ്യമത്തിൽ പങ്കുവെച്ചാണ് മോദി ഇക്കാര്യം കുറിച്ചത്.

പൗരന്മാരുടെ പരിശ്രമത്തിലൂടെ രാജ്യം സമൃദ്ധിയുടെയും സ്വാശ്രയത്വത്തിന്റെയും പുരോഗതിയുടെയും കൊടുമുടി കളിലെത്തുന്നുമെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി.

✪✪✪

കനത്ത ചൂടിന് ആശ്വാസമായി സംസ്ഥാനത്ത് പല ജില്ലകളിലും വരുംദിവസങ്ങളിൽ വേനൽ മഴ കൂടുതൽ ശക്തിപ്പെടുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇടുക്കി, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. മഴ സാധ്യത കണക്കിലെടുത്ത് പത്തനംതിട്ട, ഇടുക്കി, വയനാട് ജില്ലകളിൽ നാളെ മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

✪✪✪

വേനൽ മഴ ശക്തമായതോടെ, ഇടിമിന്നൽ അപകടങ്ങളിൽ ജാഗ്രത പുലർത്തണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിർദേശിച്ചു. ഇടിമിന്നലിന്റെ ആദ്യ ലക്ഷണം കണ്ടുകഴിഞ്ഞാൽ ഉടൻ തന്നെ സുരക്ഷിതമായ കെട്ടിടത്തിനുള്ളിലേക്ക് മാറണം. വൈദ്യുത ഉപകരണങ്ങളുടെ സാമീപ്യം ഇടിമിന്നൽ സമയത്ത് ഒഴിവാക്കേണ്ടതാണ്. മരത്തിന്റെ ചുവട്ടിൽ നിൽക്കുന്നതും, ടാപ്പുകളിൽ നിന്ന് വെള്ളം ശേഖരിക്കുന്നതും ഈ സമയത്ത് ഒഴിവാക്കേണ്ടതാണ്.

✪✪✪

വയനാട് മുണ്ടക്കൈ - ചൂരൽമല പുനരധിവാസ ടൗൺഷിപ് ഒന്നാം ഘട്ടത്തിലെ 178 വീടുകളുടെയും നിർമ്മാണം പൂർത്തിയാക്കി ഇന്ന് കിഫ്കോണിനു കൈമാറും.

വയനാട്ടിൽ നിന്ന് അരുൺ വിൻസെന്റ്..

.........വോയ്സ്....

✪✪✪

സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ആദ്യ ഹജ്ജ് വിമാനം ഉച്ചക്ക് 2.10 ന് 430 തീർത്ഥാടകരുമായി ജിദ്ദയിലേക്ക് പുറപ്പെടും. 20 സർവീസുകളാണ് കൊച്ചി എമ്പാർക്കേഷൻ പോയിന്റിൽ നിന്ന് ഏർപ്പെടുത്തിയിരിക്കുന്നത്. കണ്ണൂർ, കരിപ്പൂർ എന്നിവയടക്കം മൂന്ന് എമ്പാർക്കേഷൻ പോയിന്റുകളിൽ നിന്നുമായി 13,194 തീർത്ഥാടകരാണ് ഹജ്ജിന് പുറപ്പെടുന്നത്.

സംസ്ഥാന ഹജ്ജ് കമ്മിറ്റിയുടെ നെടുമ്പാശ്ശേരി ഹജ്ജ് ക്യാമ്പ് ഇന്നലെ ആരംഭിച്ചു. ക്യാംപ്, ഹജ്ജ് കമ്മിറ്റി ചെയർമാൻ ഹുസൈൻ സഖാഫി ചുള്ളിക്കോട് ഉദ്ഘാടനം ചെയ്തു.

✪✪✪

ദോഹയിലേക്ക് ഇൻഡിഗോ സർവീസുകൾ നാളെ പുനഃരാരംഭിക്കും. പശ്ചിമേഷ്യൻ സംഘർഷത്തെ തുടർന്ന് കൊച്ചി, കണ്ണൂർ, ബംഗളൂരു, ചെന്നൈ, മുംബൈ, ഹൈദരാബാദ്, മുംബൈ നഗരങ്ങളിൽ നിന്ന് ആഴ്ച്ചയിൽ നടത്തിയിരുന്ന 60-ലേറെ ഫ്ളൈറ്റുകൾ ആണ് പുനരാരംഭിക്കുന്നത്.

✪✪✪

ചരിത്രപ്രസിദ്ധമായ മംഗളാദേവി കണ്ണകി ക്ഷേത്രത്തിലെ നാളെത്തെ ചിത്രാപൗർണ്ണമി ഉത്സവത്തിന് ഒരുക്കങ്ങൾ പൂർത്തിയായി. കനത്ത മഴ സാധ്യത കണക്കിലെടുത്ത് ഭക്തർക്കായി ജില്ലാ ഭരണകൂടം പ്രത്യേക ജാഗ്രതാ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

ഇടുക്കിയിൽ നിന്ന് രതീഷ് കൃഷ്ണ...

.........വോയ്സ്.........

സമുദ്രനിരപ്പിൽ നിന്നും ആയിരത്തി മുന്നൂറ്റി മുപ്പത്തിയേഴ് മീറ്റർ ഉയരത്തിൽ, ഘോരവനത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന മംഗളാദേവി ക്ഷേത്രം വർഷത്തിൽ ഒരു ദിവസം മാത്രമാണ് ഭക്തർക്കായി തുറന്നു നൽകുന്നത്. പാണ്ഡ്യൻ വാസ്തുവിദ്യയിൽ നിർമ്മിച്ച ഈ പുരാതന ശില്പ വിസ്മയത്തിലേക്ക് ചിത്രാപൗർണ്ണമി ദിനമായ നാളെ ആയിരക്കണക്കിന് ഭക്തർ എത്തുമെന്നാണ് പ്രതീക്ഷ. കേരളത്തിലെ നൂറ്റെട്ട് ദുർഗ്ഗാലയങ്ങളിൽ ഒന്നായി അറിയപ്പെടുന്ന ഈ ക്ഷേത്രം കേരള - തമിഴ്നാട് സംസ്ഥാനങ്ങളുടെ സംയുക്ത മേൽനോട്ടത്തിലാണ് പ്രവർത്തിക്കുന്നത്.

നാളെ പുലർച്ചെ 6 മണി മുതൽ വൈകുന്നേരം 4 മണി വരെയാണ് ഭക്തർക്ക് ക്ഷേത്രത്തിലേക്ക് പ്രവേശനം അനുവദിച്ചിരിക്കുന്നത്. കുമളിയിൽ നിന്ന് 14 കിലോമീറ്റർ ദുർഘടമായ വനപാതയിലൂടെ ട്രിപ്പ് ജീപ്പുകളിൽ മാത്രമേ യാത്ര അനുവദിക്കൂ. ഇരുചക്ര വാഹനങ്ങൾക്കും ട്രാക്ടറുകൾക്കും കർശന നിരോധനമേർപ്പെടുത്തിയിട്ടുണ്ട്. കുമളി ബസ് സ്റ്റാൻഡിൽ സജ്ജീകരിച്ചിരിക്കുന്ന പ്രത്യേക കൗണ്ടറുകൾ വഴി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പരിശോധിച്ച ശേഷമാണ് ജീപ്പുകൾക്ക് പാസ് നൽകുക. ഉച്ചയ്ക്ക് രണ്ട് മുപ്പതിന് ശേഷം വനത്തിനുള്ളിലേക്ക് പുതിയ വാഹനങ്ങളെ പ്രവേശിപ്പിക്കില്ല.

ഉത്സവ ദിവസം വൈകുന്നേരങ്ങളിൽ ജില്ലയിൽ കനത്ത മഴയ്ക്കും ഇടിമിന്നലിനും സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വകുപ്പ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഭക്തർ അതീവ ജാഗ്രത പാലിക്കണമെന്ന് ഇടുക്കി - തേനി ജില്ലാ ഭരണകൂടങ്ങൾ അറിയിച്ചു. മഴ കനത്താൽ വനപാതയിലൂടെയുള്ള വാഹനയാത്ര ദുഷ്കരമാകാൻ

സാധ്യതയുള്ളതിനാൽ, ഉച്ചയോടെ തന്നെ തിരിച്ചുള്ള യാത്ര ഉറപ്പാക്കണം. കാലാവസ്ഥാ മുന്നറിയിപ്പുകൾ പരിഗണിച്ച് അധികൃതർ നിർദ്ദേശിക്കുന്ന സമയത്ത് തന്നെ മലയിറങ്ങാൻ ഭക്തർ തയ്യാറാകണം. വൈകുന്നേരം അഞ്ച് മണിയോടെ മുഴുവൻ ഭക്തരും വനമേഖലയിൽ നിന്ന് പുറത്തു കടക്കേണ്ടതാണ്.

കൊടുംചൂട് പരിഗണിച്ച് ബാരിക്കേഡുകൾക്ക് മുകളിൽ പന്തലുകളും, ശുദ്ധജല വിതരണവും സജ്ജമാക്കിയിട്ടുണ്ട്. ഇരു സംസ്ഥാനങ്ങളിൽ നിന്നുമുള്ള മെഡിക്കൽ സംഘം, ആംബുലൻസ്, ഫയർഫോഴ്സ് യൂണിറ്റുകൾ എന്നിവയും ക്ഷേത്രപരിസരത്ത് ക്യാമ്പ് ചെയ്യും. വനത്തിന്റെ പരിപാവനത കാത്തുസൂക്ഷിക്കാൻ പ്ലാസ്റ്റിക് പൂർണ്ണമായും നിരോധിച്ചു. അഞ്ച് ലിറ്ററിൽ താഴെയുള്ള പ്ലാസ്റ്റിക് കുപ്പികൾ, പ്ലാസ്റ്റിക് കവറുകൾ എന്നിവ അനുവദിക്കില്ല. ഭക്ഷണം വാഴയിലയിൽ പൊതിഞ്ഞു കൊണ്ടുവരണമെന്നും സസ്യാഹാരം മാത്രമേ പാടുള്ളൂ എന്നും കർശന നിർദ്ദേശമുണ്ട്. വനത്തിനുള്ളിൽ പാചകം ചെയ്യുന്നതിനോ പടക്കം പൊട്ടിക്കുന്നതിനോ അനുമതിയില്ല. വനത്തിന്റെയും ക്ഷേത്രത്തിന്റെയും സുരക്ഷ മുൻനിർത്തി ഭക്തർ ഉദ്യോഗസ്ഥരുമായി പൂർണ്ണമായും സഹകരിക്കണമെന്ന് അധികൃതർ അഭ്യർത്ഥിച്ചു.

✪✪✪

IPL ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ്, റോയൽ ചലഞ്ചേഴ്സ് ബംഗളൂരുവിനെ നേരിടും. അഹമ്മദാബാദ് നരേന്ദ്രമോദി സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

✪✪✪

ഇന്ത്യൻ ഫുട്ബോൾ ലീഗിൽ ഗോകുലം കേരള പുരുഷ ടീം, ഇന്ന് റിയൽ കാശ്മീരിനെ നേരിടും. വൈകിട്ട് ആറരക്ക് ഹൈദരാബാദിലെ ഡെക്കാൻ അരീനയിലാണ് മത്സരം.

✪✪✪

ബെംഗളൂരുവിൽ ഇന്നലെ കനത്ത മഴയിൽ ആശുപത്രിയുടെ ചുറ്റുമതിൽ ഇടിഞ്ഞുവീണ് മരിച്ച രണ്ട് മലയാളികളുടെ മൃതദേഹം രാമമംഗലം ഗ്രാമ പഞ്ചായത്ത് ഓഫീസിനു മുന്നിൽ പൊതു ദർശനത്തിന് വെച്ചു. വൈകിട്ട് 4 മണിയോടെ രാമമംഗലത്തെ വസതിയിൽ എത്തിച്ച് സംസ്ക്കാരം നടത്തും. കുടുംബശ്രീ വിനോദയാത്ര സംഘത്തിലെ പിറവം രാമമംഗലം കിഴക്കുമുറി സ്വദേശി സ്മിത, രാമമംഗലം ആശുപത്രിപ്പടിയിലെ ലത എന്നിവരാണ് മരിച്ച മലയാളികൾ.

✪✪✪

കാസർഗോട്ട് പാമ്പ് കടിയേറ്റ് ചികിത്സയിലായിരുന്ന നാലര വയസുകാരി മരിച്ചു. കാസർഗോഡ് വെസ്റ്റ് എളേരിയിലെ ഋതു ചന്ദ്രയാണ് മരണമടഞ്ഞത്.

കണ്ണൂർ പരിയാരം മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്നു.

✪✪✪

കോഴിക്കോട് കാരശ്ശേരി പഞ്ചായത്തിലെ ഊരാളിക്കുന്നു കൊളക്കാടൻ മലയിൽ ജീപ്പപകടത്തിൽ ഒരാൾ മരിച്ചു. തേക്കുംകുറ്റി സ്വദേശി പറമ്പാടൻ അലവിക്കുട്ടി എന്നയാളാണ് മരിച്ചത്.

✪✪✪

കണ്ണൂർ ഇരിട്ടി -മട്ടന്നൂർ റോഡിൽ നരയംപാറയിൽ നിയന്ത്രണംവിട്ട ബൈക്ക് മതിലിലിടിച്ച് തീപിടിച്ചു. ബൈക്ക് യാത്രക്കാരന് 80 ശതമാനത്തോളം പൊള്ളലേറ്റു. ഇയാളെ അതീവ ഗുരുതരാവസ്ഥയിൽ കണ്ണൂരിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

പ്രതിരോധ വാക്സിൻ എടുത്തിട്ടും പേവിഷബാധമൂലം എട്ട് വയസ്സുകാരി മരിച്ച സംഭവത്തിൽ വാക്സിൻ നൽകിയ പുനലൂർ താലൂക്ക് ആശുപത്രിയിലെ സൂപ്രണ്ടിനെയും മൂന്ന് ഡോക്ടർമാരെയും പ്രതിയാക്കി പോലീസ് കേസെടുത്തു. കോടതി നിർദ്ദേശത്തെതുടർന്നാണ് പോലീസ് നടപടി. കുന്നിക്കോട് സ്വദേശിനി നിയ ഫൈസലാണ് കഴിഞ്ഞ വർഷം പേവിഷബാധമൂലം മരിച്ചത്.

✪✪✪

ഗതാഗത നിയമ ലംഘനത്തിന് ചുമത്തിയ ചലാനുകളുടെ തീർപ്പാക്കൽ പദ്ധതി ഇന്ന് അവസാനിക്കും. ഇ-ചലാൻ അല്ലാത്ത പഴയ ഓവർ സ്പീഡ് കാമറ പിഴകളും, നിലവിലെ ആംനസ്റ്റി സ്കീമിൽ ഉൾപ്പെടുത്തി 50% ഇളവോട് കൂടി അടക്കാവുന്നതാണ്.

✪✪✪

*News Editor : പി ചന്ദ്രബാബു*
*News Reader: സബിത ആനന്ദ്*
*News Team: അനിൽ ചന്ദ്രൻ, രജ്ന കെ,*
*DEO : സി കെ സുബോധ്*